**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1877 — 14.08.2017 ൽ മറുപടിക്ക്

കോട്ടൂർ പി.എച്ച്.സി.യുടെ നവീകരണം

| ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ ബാലുശ്ശേരി മണ്ഡലത്തിലെ കോട്ടൂർ പ്രൈമറി ഹെൽത്ത് സെന്റർ കെട്ടിടത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കോട്ടൂർ പി.എച്ച്.സി.യുടെ നവീകരണത്തിനുള്ള പ്ലാനും എസ്റ്റിമേറ്റും സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ആർദ്രം പദ്ധതി പ്രകാരം ആശുപത്രികളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്താനുള്ള പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ? | (സി) | സംസ്ഥാനത്തെ ആരോഗ്യമേഖല യിലെ ചികിത്സാ സംവിധാനങ്ങളെ എല്ലാ രീതിയിലും രോഗീസൗഹൃദ മാക്കുന്ന തിനുള്ള സംരംഭമാണ് ആർദ്രം മിഷൻ മിഷനിലൂടെ ഉദ്ദേശിക്കുന്നത്. ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമായ രീതിയിൽ ചികിത്സ ലഭ്യമാക്കുന്നതിനാവശ്യമായ ജീവനക്കാരെ നിയമിച്ചുകൊണ്ടും , അടിസ്ഥാന സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി തിരഞ്ഞെടുത്ത 170 പി.എച്ച്.സി-കളിൽ ഒരു മെഡിക്കൽ ഓഫീസർ , രണ്ട് സ്റ്റാഫ് നേഴ്സ് ഒരു ലാബ് ടെക് നീഷ്യൻ എന്ന രീതിയിൽ അകെ 680 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പ്രൈമറി ഹെൽത്ത് സെന്ററുകളെ |

| | | | |
|---|---|---|---|
| | | | ഉയർത്തുന്നതിന് 23 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ലബോറട്ടറി സൗകര്യം ലഭിക്കുന്നതിന് 2017-2018 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. 5 കോടി രൂപയുടെ ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വർക്കിംഗ് ഗ്രൂപ്പ് മീറ്റിംങ്ങുകൾ നടന്നു കഴിഞ്ഞു. അതനുസരിച്ച് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രാരംഭനടപടികൾ കെ.എം.എസ്.സി,എൽ വഴി ആരംഭിച്ചിട്ടിണ്ട്. ഇവ കൂടാതെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളിൽ കമ്പ്യൂട്ടറൈസ്ഡ് ഒ.പി രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, കുടിവെള്ളം, ടോയിലറ്റ് സൗകര്യങ്ങൾ, എന്നിവയും കേന്ദ്രത്തിലേയ്ക്കാവശ്യമായ 'സൈനേജുകൾ' സ്വകാര്യതയോട് കൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ,, പബ്ളിക് അഡ്രസ്സിംഗ് സിസ്റ്റം, ആരോഗ്യ ബോധവത്ക്കരണത്തിനുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ തുടങ്ങിയവ ക്രമീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ